**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6285** **10-11-2021 - ൽ മറുപടിയ്ക്ക്**

**കല്ലുമല റെയിൽവെ ഓവർബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവെ ഓവർബ്രിഡ്ജിന് കിഫ്ബിയിൽ തുക അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് റെയിൽവെയുടെ അന്തിമ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പദ്ധതിയുടെ ജി.എ.ഡി 23.03.2019 മുതൽ നിരവധി തവണ റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകുകയാണുണ്ടാ യത്. 02.09.2021 ൽ റെയിൽവേ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥല പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് 20.10.2021 ൽ ആർ.ബി.ഡി.സി. കെ.-യ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ജി.എ.ഡി, സംയുക്ത സ്ഥല പരിശോധന സർട്ടിഫിക്കേറ്റ് സഹിതം ഉടൻ റെയിൽവേയ്ക്ക് സമർപ്പിക്കുന്നതാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. സ്ഥലമേറ്റെടുക്കൽ കഴിഞ്ഞാൽ ഉടൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഉണ്ട്. പദ്ധതിയുടെ ജി.എ.ഡി 23.03.2019 മുതൽ നിരവധി തവണ റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകുകയാണുണ്ടാ യത്. 02.09.2021 ൽ റെയിൽവേ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥല പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് 20.10.2021 ൽ ആർ.ബി.ഡി.സി. കെ.-യ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ജി.എ.ഡി, സംയുക്ത സ്ഥല പരിശോധന സർട്ടിഫിക്കേറ്റ് സഹിതം ഉടൻ റെയിൽവേയ്ക്ക് സമർപ്പിക്കുന്നതാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | സ്ഥലമേറ്റെടുക്കൽ കഴിഞ്ഞാൽ ഉടൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ